പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 910 — 30/11/2018 ൽ മറുപടിക്ക്

## പ്രളയം മൃഗസംരക്ഷണ ക്ഷീരവികസന മേഖലകൾക്ക് ഉണ്ടാക്കിയ നഷ്ടം

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി.എസ്.ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ. എൽദോ എബ്രഹാം:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മഹാപ്രളയം മൃഗസംരക്ഷണ ക്ഷീരവികസന മേഖലകൾക്ക് ഉണ്ടാക്കിയ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | എ) | ഉണ്ട്. പ്രളയം മൂലം മൃഗസംരക്ഷണ/ ക്ഷീരവികസന മേഖലകൾക്ക് 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| ബി) | പ്രളയത്തിൽ കന്നുകാലികൾക്കും പക്ഷി മൃഗാദികൾക്കും അവയുടെ പാർപ്പിട സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന മേഖലകളിലും ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | പ്രളയം മൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആട്ടുകൾ,1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും, 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.9 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ടപ്പെട്ടതുമൂലം 3.7 കോടിയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളുടെ കേടുപാടുകൾ മൂലം 23 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| സി) | മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളുടെ പുനരുജ്ജീവനത്തിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | സി) | ദുരന്തനിവാരണ മാനദണ്ഡ പ്രകാരം ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. പെട്ടെന്നുള്ള നഷ്ടം നികത്തുന്നതിനായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയ സമയത്ത് 28857 ചാക്ക് കാലിത്തീറ്റ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുൽ എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയും പദ്ധതി തുക ഉപയോഗപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ ക്ഷീര വികസന വകുപ്പിന് സാധിച്ചു. കൂടാതെ 22 കോടി രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് നഷ്ടം വരുന്ന കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന്, കാലിത്തൊഴുത്ത് നിർമ്മിക്കുക/ നവീകരിക്കുക, നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുക എന്നി ലക്ഷ്യത്തോടുകൂടി ഒരു പുനരധിവാസ പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ